**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2109 | 07.03.2017 ൽ മറുപടിക്ക്

**ആർദ്രം പദ്ധതി**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ആർദ്രം പദ്ധതി വഴി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നത്; വിശദാംശം അറിയിക്കുമോ? | ആർദ്രം മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ കാസർഗോഡ് ജില്ലയിൽ നിന്നും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ്. ഉദുമ (Uduma), ഓർക്കാടി(Vorkady), എണ്ണപ്പാറ(Ennappara), മോഗ്രാൽ പുത്തൂർ(Morgal Puthoor), കായൂർ(Kayoor), മുള്ളേരിയ(Mulleria), കാർന്താലം(Karnthalam), എന്നിവ. ഈ പദ്ധതിയിലൂടെ ആരോഗ്യമേഖലയിലെ നെടുംതൂണായി പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ജനങ്ങളുടെ പ്രതീക്ഷക്കൊപ്പം വിപുലപ്പെടുത്തുകയും, മാതൃ-ശിശു ആരോഗ്യകാര്യങ്ങൾക്കും, പകർച്ചവ്യാധി പ്രതിരോധ ചികിത്സക്കും പുറമേ ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണം, ചികിത്സ എന്നിവക്കും ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നു. ഇവിടങ്ങളിൽ ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സിന്റെയും, ലാബ് ടെക്നീഷ്യൻമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ